# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1931 — 14.08.2017-ൽ മറുപടിയ്ക്ക്

### യോഗ, പ്രകൃതി ചികിത്സാ ആശുപത്രികളിലെ നിയമനം

| ചോദ്യം<br>ശ്രീ.എ.എം.ആരിഫ് | | ഉത്തരം<br>ശ്രീമതി കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കേരളത്തിലെ യോഗ പ്രകൃതി ചികിത്സാ ആശുപത്രികളിൽ ജോലി നോക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ആയുഷ് വിഭാഗം നടത്തുന്ന കോഴ്സ് പാസായ ഉദ്യോഗാർത്ഥികൾ ഉണ്ടെങ്കിലും ഇവിടെ ആയുർവേദ നേഴ്സുമാരാണ് ജോലി ചെയ്യുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്.<br>ഭാരതീയ ചികിത്സാ വകുപ്പിലെ യോഗ പ്രകൃതി ചികിത്സാ ആശുപത്രികളിൽ ആയുർവേദ നേഴ്സുമാരാണ് ജോലി ചെയ്യുന്നത്. |
| ബി) | ആയുർവേദവും യോഗ, പ്രകൃതി ചികിത്സയും രണ്ട് തരം ചികിത്സാ രീതികളായതിനാൽ കേന്ദ്ര സർക്കാരിന്റെ ആയുഷ് വിഭാഗം നടത്തുന്ന നഴ്സിംഗ് കോഴ്സായ ട്രീറ്റ്മെന്റ് അസിസ്റ്റന്റ് ട്രെയിനിംഗ് കോഴ്സ് (ടി.എ.ടി.സി.) അംഗീകരിച്ച് പ്രസ്തുത കോഴ്സ് പാസ്സായവരെ യോഗ, പ്രകൃതി ചികിത്സ ആശുപത്രികളിൽ നിയമിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | കേന്ദ്ര സർക്കാരിന്റെ ആയുഷ് വിഭാഗം നടത്തുന്ന നഴ്സിംഗ് കോഴ്സായ ട്രീറ്റ്മെന്റ് അസിസ്റ്റന്റ് ട്രെയിനിംഗ് കോഴ്സ് (ടി.എ.ടി.സി.) പാസ്സായവരെ യോഗ, പ്രകൃതി ചികിത്സാ ആശുപത്രികളിലെ നേഴ്സ് ഗ്രേഡ്-2 ആയി നിയമിക്കുന്നതു സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) | കേരളത്തിലെ പ്രകൃതി ചികിത്സാ ആശുപത്രികളിൽ ജോലി ചെയ്യുന്ന ഡോക്ടർമാർ കേരളത്തിൽ പഠിച്ചവരാണോ; ഇവരുടെ പഠനകോഴ്സുകൾ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ? | (സി) | അല്ല; പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന ജോലിയിൽ പ്രവേശിച്ചിട്ടുള്ള ഡോക്ടർമാരുടെ പഠന കോഴ്സ് സർക്കാർ അംഗീകരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ